# ബീജദാനവും ഇനി ആഗോള ബിസിനസ്

മധുനായർ, ന്യൂയോർക്ക്

> ബീജദാനം ചെയ്ത ആളിന്റെ വിദ്യാഭ്യാസയോഗ്യത, ഉയരം, കുടുംബത്തിന്റെ ആരോഗ്യ ചരിത്രം, പ്രായം, ജാതി, മതം തുടങ്ങിയ എല്ലാ വിവരങ്ങളും ഉപഭോക്താക്കൾക്ക് വിശ്വാസയോഗ്യമായ രീതിയിൽ ലഭിക്കുന്നു. പക്ഷേ, ചോദിക്കുന്ന വില കൊടുക്കണമെന്നു മാത്രം

ബിസിനസ് എന്ന വാക്കിന് ആദരം മാത്രമല്ല പരിപാവനതയും കല്പിച്ചിരിക്കുന്ന നാടാണ് അമേരിക്കൻ ഐക്യനാടുകൾ. പണത്തിന് മേലേ പരുന്തും പറക്കില്ല എന്ന ചൊല്ല് അക്ഷരാർഥത്തിൽ അർഥവത്താണവിടെ. ആഗോള മുതലാളിത്ത വ്യവസ്ഥിതിയുടെ ആസ്ഥാനം മാത്രമല്ല അസ്ഥിവാരം തന്നെ ന്യൂയോർക്കിലെ വാൾസ്ട്രീറ്റാണെന്നു കരുതാം. വാൾസ്ട്രീറ്റ് കുലുങ്ങുമ്പോൾ ലോകമൊട്ടാകെ അതിന്റെ അലകളെത്തുന്നു.

ഈ മേൽക്കോയ്മയുടെ അന്ത്യകൂദാശ അടുത്തോ എന്ന ഭയത്തിലാണ് അമേരിക്കൻ ചരിത്രത്തിൽ ആദ്യമായി ഒരു അർധ നീഗ്രോ വംശജൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. ബറാക് ഒബാമയുടെ വാഗ്ധോരണിയിൽ മനം മയങ്ങിയ അമേരിക്കൻ ജനത വാൾസ്ട്രീറ്റിന്റെ രക്ഷകനായി അദ്ദേഹത്തെ അവരോധിച്ചു. ഒരു പരിധിവരെ അവരുടെ കണക്കുകൂട്ടലുകൾ തെറ്റിയില്ല. തലകീഴായി മറിഞ്ഞുവെന്നു പലരും കരുതിയ അമേരിക്കൻ സമ്പദ് വ്യവസ്ഥ പൂർവാധികം ശക്തിയോടെയുള്ള തിരിച്ചുവരവിനുള്ള കളമൊരുക്കുന്നതിൽ ഒബാമ പരാജയപ്പെട്ടില്ല.

ലോകരാഷ്ട്രങ്ങളുമായി അമേരിക്കയുടെ നയതന്ത്രബന്ധങ്ങളിൽ അഴിച്ചുപണി ഉണ്ടാകുമെന്നും അതോടെ തികച്ചും പ്രശ്നബാധിതമായ മധ്യേഷ്യൻ രാജ്യങ്ങളിലെ സംഘർഷാവസ്ഥയ്ക്കു ശാന്തി ഉണ്ടാകുമെന്നും കരുതിയവരൊക്കെ നിരാശയിലായി. ഒബാമയുടെ വിദേശനയങ്ങൾ മുൻഗാമികളിൽ നിന്ന് അണുവിട ചലിച്ചിട്ടില്ലെന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു.

അമേരിക്കൻ ഐക്യനാടുകളിൽ നിന്നുള്ള എക്കാലത്തെയും സ്ഥായിയായ കയറ്റുമതി ഇനങ്ങൾ കാർഷികവിളകളാണ്. ഒരുകാലത്ത് ആഹാരക്ഷാമം രൂക്ഷമായിരുന്ന ഇന്ത്യയിൽ പി.എൽ-480 വകുപ്പുപ്രകാരം ലക്ഷക്കണക്കിന് ടൺ ഗോതമ്പ് എത്തിച്ച ചരിത്രം അമേരിക്കയ്ക്കുണ്ടല്ലോ? ചരിത്രമായി തീർന്ന സോവിയറ്റ് യൂണിയനുമായി ശീതയുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്നപ്പോഴും അമേരിക്കൻ ഗോതമ്പ് കയറ്റുമതി ആ ശത്രുരാജ്യവുമായി അഭംഗുരം നടന്നിരുന്നു. പക്ഷേ, അമേരിക്കൻ കയറ്റുമതിയിൽ കോടാനുകോടി ഡോളറുകൾ നേടിയിരുന്നത് യുദ്ധസാമഗ്രികളുടെ വിപണനത്തിലെ കുത്തകമൂലം ആയിരുന്നു. ലോകത്തിന്റെ ഏതെങ്കിലും കോണിൽ യുദ്ധം ഉണ്ടാകുമ്പോൾ അമേരിക്കൻ യുദ്ധസാമഗ്രിക്കച്ചവടക്കാർക്ക് ചാകര വീണിരുന്നു.

എങ്ങനെയും അന്യരാജ്യങ്ങളിൽ യുദ്ധമുണ്ടാക്കുന്നതിനാണ് അമേരിക്കൻ വിദേശനയത്തിൽ മുൻഗണന എന്ന ആക്ഷേപം വിദേശങ്ങളിൽ മാത്രമല്ല അമേരിക്കയിലും പ്രബലമായിരുന്നു. ആഗോളീകരണത്തിന്റെ അനന്തരഫലമായി സാമ്പത്തിക സമസ്യകൾ മിക്ക രാജ്യങ്ങളുടെയും മുഖ്യ അജൻഡ ആയപ്പോൾ എന്തിനും ഏതിനും യുദ്ധത്തിനൊരുങ്ങുന്ന പ്രവണതയ്ക്കു കാര്യമായി കുറഞ്ഞു. അതോടെ അമേരിക്കയുടെ കയറ്റുമതി സാധ്യതകളിലും കാര്യമായ മങ്ങലേറ്റു. അമേരിക്കൻ ജനതയുടെ നിത്യോപയോഗ സാധനമായി കണക്കാക്കാവുന്ന കാറുകളുടെ കാര്യത്തിൽ ഇറക്കുമതി വൻതോതിൽ അനിവാര്യമായി വന്നു. എന്നാൽ വിമാനങ്ങളുടെ കച്ചവടത്തിൽ അമേരിക്കൻ മേൽക്കോയ്മ ഇന്നും തുടരുന്നു. വിമാനങ്ങളുടെ നിർമാണവിധാനം ബ്രിട്ടനിലാണെങ്കിൽ പോലും.

കമ്പ്യൂട്ടറിന്റെ വരവോടെ അമേരിക്കൻ കയറ്റുമതി സാധ്യതകൾ വീണ്ടും പുഷ്പിച്ചു. ജപ്പാനും ചൈനയുമൊക്കെ ഈ തുറയിൽ വൻ മുന്നേറ്റം നടത്തിയപ്പോൾ അമേരിക്കൻ കമ്പ്യൂട്ടർ ഹാർഡ്‌വെയറിന് ആഗോളവിപണിയിൽ വൻ മത്സരം നേരിടേണ്ടി വന്നു. പിന്നെ രക്ഷയ്ക്കെത്തിയത് ഇന്റർനെറ്റിന്റെ തിരപ്പുറപ്പാടാണ്. ആദ്യകാലങ്ങളിൽ നെറ്റിന്റെ ഹോസ്റ്റ് കമ്പ്യൂട്ടറുകളിൽ ഭൂരിഭാഗവും അമേരിക്കയിൽ മാത്രമായിരുന്നു. ഇപ്പോൾ ആ അവസ്ഥയും മാറി.

അമേരിക്കയ്ക്ക് മാത്രമായി മേൽക്കോയ്മയുള്ള ഒരു ബിസിനസ് രംഗം ഇപ്പോൾ തുറന്നതായി ഈയിടെ ടൈം വാരിക റിപ്പോർട്ടു ചെയ്തിരിക്കുന്നു. സംഗതി ബിസിനസാണെങ്കിലും പരസ്യമാക്കാൻ മാധ്യമങ്ങൾ മടിക്കാവുന്ന സാധനമാണ് കയറ്റുമതി ചരക്ക്-പുരുഷബീജം.

കൃത്രിമ ബീജസങ്കലനം മിക്ക വികസിത രാജ്യങ്ങളിലും വൻതോതിൽ വർധിച്ചിരിക്കുന്നു. വിശ്വാസയോഗ്യമായ പുരുഷബീജത്തിന്റെ വിപണി അമേരിക്ക അടക്കിപ്പിടിച്ചുകഴിഞ്ഞു. എഫ്ഡിഎ എന്ന പേരിലറിയപ്പെടുന്ന അമേരിക്കൻ സർക്കാർ ഏജൻസി ഭക്ഷ്യവസ്തുക്കളുടെയും മരുന്നുകളുടെയുമുള്ള ആതുര ശുശ്രൂഷാരംഗത്തെ എല്ലാ ഉത്പന്നങ്ങളുടെയും ഗുണനിലവാരം നിയന്ത്രിക്കുന്നതിൽ ആഗോളപ്രശസ്തിയുള്ള സ്ഥാപനമാണ്. എഫ്ഡിഎ അംഗീകരിച്ച പുരുഷബീജത്തിനുള്ള മേൽക്കോയ്മ മറ്റു രാഷ്ട്രങ്ങൾക്ക് അത്ര എളുപ്പം മറികടക്കാനാവില്ല.

ബീജദാനം ചെയ്ത ആളിന്റെ വിദ്യാഭ്യാസയോഗ്യത, ഉയരം, കുടുംബത്തിന്റെ ആരോഗ്യ ചരിത്രം, പ്രായം, ജാതി, മതം തുടങ്ങിയ എല്ലാ വിവരങ്ങളും ഉപഭോക്താക്കൾക്ക് വിശ്വാസയോഗ്യമായ രീതിയിൽ ലഭിക്കുന്നു. പക്ഷേ, ചോദിക്കുന്ന വില കൊടുക്കണമെന്നു മാത്രം.

ലോകാരോഗ്യസംഘടനയുടെ 2006-ലെ കണക്കനുസരിച്ച് സന്താനോത്പാദന ശേഷിയില്ലാത്ത ദമ്പതികൾ ലോകമാകെ പത്തുകോടിയോളം ഉണ്ടായിരുന്നു. ഇപ്പോൾ ഈ സംഖ്യ ഇരട്ടിച്ചു കാണും. ഇവരുടെയൊക്കെ മുഖ്യ ബീജസന്താനാശ്രയം അമേരിക്കയായി തീർന്നിരിക്കുന്നു.

മുപ്പത്തഞ്ചു കോടിയോളം ജനസംഖ്യയുള്ള ഐക്യനാടുകളിൽ നൂറോളം രാജ്യങ്ങളിൽനിന്ന് ജനങ്ങൾ കുടിയേറിയിട്ടുണ്ട്. ഏതുതരത്തിലുള്ള ബീജദാതാക്കളെയും ആകർഷിക്കാനുള്ള പ്രലോഭനം നൽകാനും ബീജബാങ്കുകൾ തയ്യാർ. ഒരു തവണയുള്ള ബീജദാനത്തിനായി പ്രതിഫലം അഞ്ഞൂറു ഡോളർ ലഭിക്കുന്നു. എത്രതവണ ദാനം ചെയ്യാമെന്നുള്ളതിനും നിബന്ധനകളൊന്നുമില്ല. രക്തദാനത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുമില്ല. ഈ മാർഗത്തിലൂടെ ആണ്ടിൽ ഒരു ലക്ഷത്തോളം ഡോളർ സമ്പാദിക്കുന്ന പലരും ഉണ്ടെന്നാണ് ടൈം വാരിക പറയുന്നത്.

ബീജദാതാക്കൾക്ക് എത്ര മക്കളുണ്ടായി എന്നത് അവർ ഒരിക്കലും അറിയാൻ പോകുന്നില്ല. ഈ മാർഗത്തിലൂടെ ആയിരത്തോളം സന്തതികളെ ജനിപ്പിച്ച പലരുമുണ്ടാകും ലോകമാകെ എന്നാണ് വിശ്വാസം. ഈ മേഖലയെ കാര്യമായി നിയന്ത്രിക്കാനുള്ള നിയമങ്ങൾ ഇനിയും ഉരുത്തിരിയാനുണ്ട്. ഈയിടെ ഉണ്ടായ ഒരു സർക്കാർ വിജ്ഞാപനം ബീജദാനത്തിലൂടെയുണ്ടായ കുട്ടികളുടെ അവകാശസംരക്ഷണത്തിനു വേണ്ടിയാണ്. പ്രായപൂർത്തിയാകുമ്പോൾ അവർക്ക് ബയോളജിക്കൽ പിതാവ് ആരെന്നറിയാനുള്ള സൗകര്യം ബീജബാങ്കുകൾ നൽകേണ്ടതുണ്ടിപ്പോൾ. വിവിധ ജന സമൂഹങ്ങളുടെ വർഗസ്വഭാവം തന്നെ പാടേ മാറുന്നതാണ് ഈ സങ്കലനം എന്നതും കാണേണ്ടതുണ്ട്.